"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റായ ശ്രീമതി.കെ ഇ റസിയ ഫയൽ ചെയ്ത ഒഎ (ഇകെഎം) 1254/2023 നമ്പർ കേസിലെ അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2502/2023/LSGD തീയതി,തിരുവനന്തപുരം, 15-12-2023

---

പരാമർശം:-

1. ശ്രീമതി.കെ ഇ റസിയ സമർപ്പിച്ച 19.07.2023ലെ അപ്പീൽ അപേക്ഷ (അനക്ഷർ എ5)
2. ഒഎ (ഇകെഎം) 1254/2023 നമ്പർ കേസിലെ 21.07.2023ലെ അന്തിമഉത്തരവ്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.09.2023ലെ LSGD/PD/50236/2023-DEB3 നമ്പർ കത്ത്
4. 11.10.2023ന് ചേർന്ന അപ്പീൽ കമ്മിറ്റി യോഗത്തിന്റെ 4ാാം നമ്പർ തീരുമാനം

**ഉത്തരവ്**

തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 2023-ലെ പൊതുസ്ഥലംമാറ്റത്തിൽ ഊരകം ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ പെരുവള്ളൂര് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റായ ശ്രീമതി.കെ. ഇ .റസിയ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽചെയ്ത ഒ എ (ഇകെഎം) 1254/2023 നമ്പർ കേസിലെ പരാമർശം (2) പ്രകാരമുള്ള അന്തിമ ഉത്തരവിൽ, അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള പരാമർശം (1) പ്രകാരമുള്ള അനക്ഷർ എ5 അപ്പീൽ അപേക്ഷയിന്മേൽ , ടിയാളുടെ ശാരീരിക വൈകല്യം പരിഗണിച്ച് കോടതി ഉത്തരവിന്റെ പകർപ്പ് ലഭ്യമായി ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്നും അതുവരെ അപേക്ഷകയെ നിലവിലെ സ്റ്റേഷനിൽ തുടരാൻ അനുവദിക്കുകയോ അല്ലെങ്കിൽ അപേക്ഷകയ്ക്ക് പ്രയാസം കൂടാതെ ജോലി ചെയ്യാനാവുന്ന മറ്റേതെങ്കിലും ഓഫീസൽ ടിയാളെ നിയമിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

2. അപേക്ഷകയായ ശ്രീമതി.കെ ഇ റസിയ 50% LOCO MOTOR DISABILITY ഉള്ള ഭിന്നശേഷി വിഭാഗത്തിൽപെട്ട വ്യക്തിയാണെന്നും തേഞ്ഞിപ്പാലം സ്വദേശിയാണെന്നും ടിയാളെ നിയമിച്ചിട്ടുള്ള ഊരകം ഗ്രാമപഞ്ചായത്ത് ഓഫീസ് താമസസ്ഥലത്ത് നിന്നും 35 km അകലെയാണെന്നും ടി ഓഫീസിൽ 20 ൽ അധികം സ്റ്റെപ്പുകൾ കയറേണ്ടതുണ്ടെന്നും ആയതിനാൽ സ്പെഷ്യൽ പ്രയോറിറ്റി / കംപാഷണേറ്റ് ഗ്രൗണ്ടിൽ നിലവിലെ സ്റ്റേഷനിൽ നിലനിർത്തുകയോ അല്ലെങ്കിൽ തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റം നൽകുകയോ ചെയ്യണമെന്നതാണ് ഹർജി കക്ഷിയുടെ പരാമർശം(1) പ്രകാരമുള്ള അപേക്ഷയിലെ ആവശ്യം. .

3.അപേക്ഷക 07.01.2020 മുതൽ അക്കൗണ്ടന്റ് തസ്തികയിൽ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്ത് വരുന്നു എന്നും തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് മാത്രമാണ് 2023 ലെ ഓൺലൈൻസ്ഥലം

മാറ്റത്തിന് ഓപ്ഷനായി ടിയാൾ നൽകിയിരുന്നതെന്നും മറ്റ് ഓപ്ഷനുകൾ അപേക്ഷക നൽകാതിരുന്നതിനാലും നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തീകരിച്ചിട്ടുള്ളതിനാലുമാണ് ടിയാൾ ഊരകം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റപ്പെട്ടതെന്നും ടിയാളെക്കാൾ സ്റ്റേഷൻ സീനിയോറിറ്റിയുള്ളയാളെയാണ് തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റി നിയമിച്ചതെന്നും കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവാകുന്നതുവരെ ടിയാളെ നിലവിലെ ഓഫീസിൽ തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സൗകര്യപ്രദമായ മറ്റ് സ്റ്റേഷനുകളിലേക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുന്നതിൽ അപേക്ഷകയുടെ ഭാഗത്ത് നിന്ന് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിലും ടിയാളുടെ ആരോഗ്യസ്ഥിതി പരിഗണിച്ച് അടുത്ത പൊതുസ്ഥലം മാറ്റം വരെ ടിയാളെ നിലവിലെ ഓഫീസിൽ തുടരുന്നതിന് അനുമതി നൽകുന്നതിന് പരാമർശം (4) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരമുള്ള റിപ്പോർട്ടിന്റെയും പരാമർശം (4) പ്രകാരമുള്ള ശിപാർശയുടേയും അടിസ്ഥാനത്തിൽ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റായ ശ്രീമതി.കെ ഇ റസിയയുടെ ആരോഗ്യസ്ഥിതി പരിഗണിച്ച് അടുത്ത പൊതുസ്ഥലം മാറ്റം വരെ ടിയാളെ നിലവിലെ ഓഫീസിൽ തുടരുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

6. മേൽപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , മലപ്പുറം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.സെക്രട്ടറി,പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.അഡ്വക്കേറ്റ് ജനറൽ , കേരള , എറണാകുളം(ആമുഖകത്ത് സഹിതം)
5.ശ്രീമതി.കെ ഇ റസിയ , അക്കൗണ്ടന്റ് , പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
7.ഡയറക്ടർ, ഐ കെ എം
8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
9.കരുതൽ ഫയൽ (ഫയൽ നം.219/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 16-12-2023 11:59:53